(സി) പ്രാതിനിധ്യക്കുറവുണ്ടായിട്ടുള്ള വിഭാഗങ്ങളിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമനം നൽകുമോ; സംവരണ വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി ആന്റ് സി) (എ)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വൈദ്യുതി വകുപ്പുമന്ത്രിയുടേയും സ്റ്റാഫിന്റെയും ശമ്പളവും യാത്രാബത്തയും

78 [896] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. മുരളീധരൻ സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രിയായി എന്നാണ് ചുമതലയേറ്റത്; എത്ര ദിവസം അധികാരത്തിൽ ഉണ്ടായിരുന്നു;

(ബി) ഈ കാലയളവിൽ അദ്ദേഹത്തിന്റെ ശമ്പളം, യാത്രാബത്ത അതിഥി സൽക്കാരം സ്റ്റാഫിന്റെ ശമ്പളം എന്നീ ഇനങ്ങളിലായി എത്ര തുക ചെലവായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. കെ. മുരളീധരൻ സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രിയായി 2004 ഫെബ്രുവരി 11-ന് ചുമതലയേറ്റു. അദ്ദേഹം 94 ദിവസം അധികാരത്തിൽ ഉണ്ടായിരുന്നു.

(ബി) ഈ കാലയളവിൽ അദ്ദേഹത്തിന്റെ ശമ്പളമിനത്തിൽ 43,983 രൂപയും, യാത്രാബത്ത ഇനത്തിൽ 30,435 രൂപയും ചെലവായിട്ടുണ്ട്. അതിഥി സൽക്കാര ഇനത്തിൽ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. അദ്ദേഹത്തിന്റെ സ്റ്റാഫിലെ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളമിനത്തിൽ 3,33,457 രൂപ ചെലവായിട്ടുണ്ട്. ഗസ്റ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളത്തിന്റെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ഷൊർണ്ണൂർ കെ. എസ്. ഇ. ബി. ഡിവിഷനിലെ സബ് ഓഫീസുകൾ

79 [897] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഷൊർണ്ണൂർ കെ. എസ്. ഇ. ബി. ഡിവിഷന്റെ നിയന്ത്രണത്തിൽ വല്ലപ്പുഴ, മുതുമല എന്നിവിടങ്ങളിൽ സബ് ഓഫീസുകൾ ബില്ലടയ്ക്കാനുള്ള സൗകര്യത്തോടുകൂടി ആരംഭിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ആരംഭിക്കുവാൻ എന്നത്തേക്ക് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോർഡിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ മാത്രമേ പുതിയ സബ് എഞ്ചിനിയർ ഓഫീസുകൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ആഫീസ് പ്രവർത്തിക്കാൻ പറ്റിയ കെട്ടിടം വാടകയില്ലാതെ സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ ഇവ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

എടത്വാ K.S.E.B. 110 KV സബ് സ്റ്റേഷന്റെ നിർമ്മാണം

80 [898] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വാ K.S.E.B. 110 KV സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എന്നാണ് അനുമതി നൽകിയത്;

(ബി) ഇതിന്റെ പണി പൂർത്തികരിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തികരിച്ച് സബ് സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിന് K.S.E.B.-ക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) എടത്വാ 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 18-4-1998-ലാണ് അനുമതി നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly